# ക്രിസ്തുവിന്റെ മാതൃകയാവുക

## സങ്കീർത്തനങ്ങൾ 19:14

"എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ."

ഇന്നു നാം ആയിരിക്കുന്ന ഈ സമൂഹത്തിൽ വേഷത്തിലും മറ്റു രീതികളിലുമെല്ലാം മറ്റുള്ള ആളുകളെ അനുകരിക്കുന്ന ഒരു പ്രവണത കടന്നുകൂടിയിട്ടുണ്ടല്ലോ. വിശ്വാസികളെന്ന് അവകാശപ്പെടുന്ന ഒരു കൂട്ടം ജനസമൂഹത്തിനിടയിൽപോലും ഇത്തരത്തിലുള്ള ഒരു അനുകരണ മനോഭാവം കാണുന്നുണ്ട് എന്നുള്ളത് വേദനാജനകമായ ഒരു യാഥാർത്ഥ്യമാണ്. നാം മാതൃകയാക്കേണ്ടത് സഭാമൂപ്പനെയോ, സഹവിശ്വാസിയെയോ ഒന്നുമല്ല. അവരിലൊക്കെ ഓരോ കുറവുകൾ കണ്ടെന്നു വരാം. എന്നാൽ നമുക്കുള്ള ഏറ്റവും നല്ല മാതൃക കാണിച്ചു തന്നിരിക്കുന്നത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. ആ ക്രിസ്തുവിന്റെ ഭാവം മാത്രം നമ്മിൽ നിറയുവാൻ അനുവദിക്കാം.

യാക്കോബ് 3:2 പറയുന്നു "ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു."

നമ്മുടെ വാക്കുകൾ ശ്രദ്ധിച്ചുവേണം ഉപയോഗിക്കേണ്ടതെന്ന് ഈ വചനവും നമ്മെ പഠിപ്പിക്കുന്നു. കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ഉതകത്തക്കവണ്ണം നല്ല വാക്കുകൾ മാത്രമേ വായിൽ നിന്ന് പുറപ്പെടുവാൻ പാടുള്ളു. ഉപ്പിനാൽ രുചി വരുത്തിയതും കൃപയോടു കൂടിയതുമാവണം നമ്മുടെ വാക്കുകൾ. സഹോദരനെ മൂഡാ എന്നു വിളിക്കുന്നവൻ അഗ്നിനരകത്തിന് യോഗ്യനാകുന്നുവെന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നു.

അങ്ങനെയെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ മറ്റുള്ള സഹോദരങ്ങൾക്കെതിരായി നമ്മുടെ ഹൃദയങ്ങളിൽ മുളച്ചു പൊങ്ങിയ എല്ലാ നിരൂപണങ്ങളെയും ചിന്തകളെയും നമുക്ക് കർത്താവിനോട് ഏറ്റുപറഞ്ഞ് ക്ഷമാപണം യാചിക്കാം. ഹൃദയം നിറഞ്ഞു കവിയുന്നതാണല്ലോ വായ് സംസാരിക്കുന്നത്. നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ നിറയട്ടെ. അപ്പോൾ സ്തുതികളും സ്തോത്രവും നമ്മുടെ വായിൽ നിന്നും പുറത്തേക്കൊഴുകുവാൻ ഇടയാകും.

ദൈവത്തെ സ്തുതിക്കുന്ന അതേ നാവുകൊണ്ട് സഹോദരനെ ശപിക്കുവാൻ പാടില്ല എന്നു വചനം നമ്മെ പഠിപ്പിക്കുന്നു. അന്യനെ കുറ്റം വിധിക്കുവാൻ ദൈവം നമുക്കു അവകാശം തന്നിട്ടില്ല. പകരം അവരെ അനുഗ്രഹിക്കുവാനും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്കിടയാവട്ടെ.

നമ്മുടെ കർത്താവ് സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ നാമും ആ മാതൃക തന്നെ പിന്തുടരണമല്ലോ. കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ പിതാവിനോടുള്ള സംസാരത്തിനു വേണ്ടി സമയം വേർതിരിച്ചിരുന്നതായി നാം കാണുന്നു. അപ്രകാരം തന്നെ നമ്മുടെ ഏത് തിരക്കേറിയ ജീവിത സാഹചര്യത്തിലും ദൈവവുമായി സംസാരിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള സമയം വേർതിരിക്കേണ്ടത് അത്യാവശ്യമാണ്. പ്രാർത്ഥനയിൽ ദൈവശക്തിയാൽ നിറയപ്പെട്ടെങ്കിൽ മാത്രമെ ക്രിസ്തുവിന്റെ അതേ ഭാവം നമ്മിൽ വെളിപ്പെടുകയുള്ളൂ. അങ്ങനെ ക്രിസ്തുവിന്റെ നല്ല മാതൃകകളായി ശോഭിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**യാക്കോബ് 1:26**

നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ.

**സിസ്റ്റർ. അശ്വതി ബിനു ഏറ്റുമാനൂർ 020**